18

# “ദൈവ പ്രവൃത്തി വെളിവാകേണ്ടതിനു”

## (9:1- 5)

ജീവൻ വലിയ സ്ഫോടന ഫലമോ, വലിയ യാദൃശ്ചിക സംഭവമോ? നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നവ എന്തുകൊണ്ട് എന്നു ആവർ ത്തിച്ചു ചോദിച്ചിട്ടുണ്ട്. പ്രത്യേക സിനിമകളിലെയും സാഹിത്യ രചനകളിലേയും ദൈനംദിന മനുഷ്യ ജീവിതത്തിൽ യഥാർത്ഥ്യമായും പ്രത്യേകിച്ചു ദു:ഖവും നഷ്ടവും സംഭവിക്കുമ്പോൾ ഉണ്ടാകാറുള്ള ചോദ്യ വിഷയമാണ് എന്തുകൊണ്ട് എന്നതു. “എന്തുകൊണ്ട്?” എന്ന ചോദ്യത്തിനു യേശു നമ്മുടെ വേദഭാഗമായ, 9:1-5-ൽ ഉത്തരം നല്കുന്നു.

**ചോദ്യം (9:1, 2)**

ഒരു ദിവസം യേശു ശിഷ്യന്മാരുമായി യെരുശലേം ദൈവാലയത്തിലേക്കു നടന്നു പോയപ്പോൾ, അവിടെ പിറവിയിലേ കുരുടനായിരുന്ന ഒരു യാചകൻ ഇരുന്നിരുന്നു (9:1). അവൻ പ്രത്യേകതയുള്ള ഭിക്ഷക്കാരൻ ആയിരുന്നുവെങ്കിൽ, അവൻ ഒരു പക്ഷെ പൊടി പുരണ്ടു, കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ചു, പ്രത്യാശയില്ലാതെ നിരാശയിൽ ആയിരുന്നിരിക്കാം. യേശുവും ശിഷ്യന്മാരും എല്ലാ ദിവസവും യാചകരെ കാണും കാരണം അവർ എന്നും യെരുശലെമിൽ എത്തും; പക്ഷെ എന്തോ കാരണത്താൽ, പിറവിയിലെ കുരുടൻ ആയിരുന്ന ആ മനുഷ്യനെ കണ്ടു ശിഷ്യന്മാർ അന്നു ചോദിക്കുവാനിടയായി.

ആ മനുഷ്യൻ കുരുടനായി ജനിക്കുവാൻ ഉള്ള കാരണം എന്താണെന്നാണ് യേശു വിചാരിക്കുന്നത് എന്നറിയുവാൻ അവർ ആഗ്രഹിച്ചു (9:2). അതു ആ മനുഷ്യന്റെ പാപം കൊണ്ടോ അതോ അവന്റെ മാതാപിതാക്കളുടെ പാപം കൊണ്ടോ കഷ്ടത വരുന്നതു? അവരുടെ മനസ്സിൽ, എപ്പോഴും പാപം കാരണമാണെന്നാണ്. അതിന്റെ ഫലമായി, ആരെങ്കിലും പാപം ചെയ്തിട്ടാണ് അവൻ കുരുടനായി ജനിക്കുവാനുള്ള കാരണം. അത് ആ മനുഷ്യന്റെ പാപം ആയിരുന്നോ? അങ്ങനെയെങ്കിൽ, അവൻ കുരുടനായി ജനിക്കുവാൻ കാരണമെന്ത്? തീർച്ച

യായും, ഒരു പുതുതായി ജനിക്കുന്ന കുട്ടിക്ക് കുരുടനായി പിറക്കുവാൻ തക്ക പാപം ചെയ്യുവാൻ കഴിയുകയില്ല. ആ മനുഷ്യന്റെ മാതാപിതാക്കൾ തെറ്റുചെയ്തിട്ടാണോ? ഒരു പക്ഷെ *മാതാപിതാക്കളുടെ* പാപം കൊണ്ടാണെങ്കിൽ, പിന്നെ *മകൻ* എന്തിനു കഷ്ടപ്പെടണം?

പാപമാണ് കഷ്ടതയ്ക്കുള്ള കാരണം എന്ന ശിഷ്യന്മാരുടെ വിശ്വാസം കൊണ്ടായിരുന്നു അവർ അതു ചോദിച്ചത്, അതായത് പാപത്തിനും കഷ്ടതയ്ക്കും ഒരു കാരണവും - ഫലവും അവരുടെ മനസ്സിലുണ്ടായിരുന്നു. കഴിഞ്ഞകാലത്തിലെ ഒരു പൊതുവായ കാഴ്ച്ചപ്പാട് അതായിരുന്നു. ഇയ്യോബിന്റെ മക്കളും, സമ്പത്തും ആരോഗ്യവും നഷ്ടമായപ്പോൾ, അവനെ കണ്ടു അവനോടു കൂടെ ദു:ഖിക്കേണ്ടതിനു വന്ന സ്നേഹിതന്മാർ ഇയ്യോബിനോടു പറഞ്ഞു,

> ഓർത്തു നോക്കുക, നിർദോഷിയായി നശിച്ചവൻ ആർ?
> നേരുള്ളവർ എവിടെ മുടിഞ്ഞു പോയിട്ടുള്ളു?
> ഞാൻ കണ്ടിടത്തോളം അന്യായം ഉഴുതു കഷ്ടത വിതെക്കുന്നവർ
> അതു തന്നെ കൊയ്യുന്നു.
> ദൈവത്തിന്റെ ശ്വാസത്താൽ അവർ നശിക്കുന്നു,
> അവന്റെ കോപത്തിന്റെ ഊത്തിനാൽ മുടിഞ്ഞു പോകുന്നു,
> സിംഹത്തിന്റെ ഗർജ്ജനവും കേസരിയുടെ നാദവും,
> ബാലസിംഹങ്ങളുടെ ദന്തങ്ങളും അറ്റുപോയി,
> സിംഹം ഇരയില്ലായ്കയിൽ നശിക്കുന്നു,
> സിംഹിയുടെ കുട്ടികൾ ചിതറി പോകുന്നു (ഇയ്യോബ് 4:7-11).

ഈ കഷ്ടതയോട് സദൃശമായ കാഴ്ച്ചപ്പാടാണ്, ചിലർ യേശുവിനോട് **"പിലാതൊസ് ചില ഗലീലിയക്കാരുടെ ചോര അവരുടെ യാഗങ്ങളോട് കലർത്തിയ വർത്തമാനം" (ലൂക്കൊസ് 13:1)**. ചോദിച്ചത്. ആ ഗലീലിയക്കാരുടെ ദുരന്തത്തെക്കുറിച്ച് യേശു എന്തു വിചാരിക്കുന്നു എന്നു അറിയുവാൻ അവർ ആഗ്രഹിച്ചു. അവരുടെ ഉദ്ദേശം എന്തായിരുന്നാലും, യേശു ആ ചോദ്യം കഷ്ടതയും പാപവും എല്ലായ്പ്പോഴും കാരണവും - ഫലവും പുറപ്പെടുവിക്കുന്നില്ല എന്ന് പഠിപ്പിക്കുവാൻ ഉപയോഗിച്ചു; പ്രത്യേകമായ കഷ്ടത എല്ലായ്പ്പോഴും പ്രത്യേകമായ പാപത്താൽ വരുന്നതല്ല. ഇതേ പ്രശ്നം വരാവുന്ന മറ്റൊരു സംഭവത്തെ യേശു പറഞ്ഞു ശീലോഹം ഗോപുരം വീണ് പതിനെട്ടുപേർ മരിച്ചു പോയ സംഭവം അവൻ അവരോടു പറഞ്ഞു. അവരുടെ പാപമായിരുന്നോ മരണത്തിനു കാരണവും? തന്റെ ചോദ്യത്തിന് യേശു തന്നെ മറുപടി പറഞ്ഞു: **"അല്ല, മാനസ്സാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും എന്നു ഞാൻ നിങ്ങളോട് പറയുന്നു" (ലൂക്കൊസ് 13:5)**.

വർഷങ്ങളോളം, യെഹൂദ റബ്ബിമാർ ഈ ചോദ്യത്തെക്കുറിച്ച് വാദിക്കുകയുണ്ടായി. റബ്ബിയായിരുന്ന അമ്മി പറഞ്ഞു, "പാപമില്ലാതെ മരണമില്ല, അകൃത്യമില്ലാതെ കഷ്ടതയുമില്ല."[1] തീർച്ചയായും, അദ്ദേഹവും, വിശ്വസിച്ചിരുന്നത് കഷ്ടത വരുന്നത് പാപം നിമിത്തമാണ് എന്നാണ്.

ആദ്യം ഈ തോന്നൽ ഇന്നു നമുക്ക് അന്യമായി തോന്നിയേക്കാം, എന്നാൽ പരിശോധിച്ചാൽ നാം തിരിച്ചറിയുന്നതിനെക്കാൾ ശിഷ്യന്മാർ അവരുടെ വിശ്വാസം ഇതിനോട് അടുത്തു വന്നിരിക്കുന്നു എന്നു പറയാം. ഭയാനകമായ അപകടത്താലോ മാരകമായ രോഗത്താലോ തങ്ങളുടെ കുട്ടികൾ നഷ്ടപ്പെട്ട മാതാപിതാക്കളെ എനിക്കു പരിചയമുണ്ട്. ആദ്യത്തെ ഞെട്ടലിനു ശേഷം ഇത്തരം ദുരന്തം തങ്ങളുടെ ജീവിതത്തിൽ വരുവാനിടയായ കാരണത്തെക്കുറിച്ച് അവർ ദീർഘകാലം അന്വേഷിച്ചു കൊണ്ടിരുന്നു. ചിലർ വിചാരിച്ചത്, ആ യുവാക്കളുടെ പാപം നിമിത്തം ആയിരിക്കും എന്നാണ്. ഒരു പക്ഷെ അവർ ദൈവത്തിനു എതിരായി ചെയ്ത പാപത്തെക്കുറിച്ച് അറിവില്ലായിരിക്കും. ദുഃഖകരം എന്നു പറയട്ടെ, ചില രക്ഷകർത്താക്കൾ ഇത്തരം ചിന്തയാൽ വർഷങ്ങളോളം തങ്ങളെ തന്നെ പീഡിപ്പിക്കും. ഒരു പക്ഷെ ശിഷ്യന്മാർ ജന്മനാ കുരുടനായവനെക്കുറിച്ച് ചോദിച്ചപ്പോൾ നമുക്ക് അത് അന്യമായി തോന്നുന്നില്ല!

നാം അത്തരം അപകടത്തിനോ ദു:ഖത്തിനോ ഇരയായില്ലെങ്കിൽ പോലും, നമ്മുടെ ഭാഷയിൽ ചിലപ്പോൾ നാം കാരണവും – ഫലവും – എന്നതും പാപവും കഷ്ടതയും എന്നതും വരാറുണ്ട്. നാം പരീക്ഷണങ്ങൾ നേരിടുമ്പോൾ, ചിലപ്പോൾ ചോദിക്കും, **"**ഞാൻ *ഇതിനുതക്ക* എന്തു തെറ്റാണ് ചെയ്തത്?**"** **"**അതു ശരിയല്ല!**"** എന്ന് നാം സൂചിപ്പിക്കുമ്പോൾ എല്ലാം നമുക്ക് അസുഖകരമായ എന്തെങ്കിലും സംഭവിച്ചാൽ അതേ ചിന്തയാണുണ്ടാകുന്നത്. ജീവിതത്തിൽ എല്ലായ്പ്പോഴും നന്മമാത്രം നാം പ്രതീക്ഷിക്കുന്നുവോ? സുഖം എല്ലായ്പ്പോഴും നന്മയുടെ ഫലമാണെന്നും വേദന എല്ലായ്പ്പോഴും പാപത്തിന്റെ അനന്തരഫലം ആണെന്നും നാം ചിന്തിക്കുന്നുവോ?

നാം എല്ലാവരും ശിഷ്യന്മാർ ചോദിച്ച ചോദ്യം ചിലപ്പോൾ ചോദിക്കും. നമുക്കോ, മറ്റു ചിലർക്കോ കഷ്ടത വരുമ്പോൾ, എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്ന് അറിയുവാൻ നാം ആഗ്രഹിക്കുന്നു. **"**എന്തുകൊണ്ട്?**"** എന്ന ചോദ്യത്തിന് തിരുവെഴുത്തിൽ ഒരിക്കലും പൂർണ്ണമായും ഉത്തരം നല്കുന്നില്ല. അതു പലപ്പോഴും ചോദിക്കുമ്പോൾ, ആരും പൂർണ്ണമായി വിശദീകരിക്കുന്നില്ല. ഇയ്യോബ് ചോദിച്ചതിന്, ദൈവത്തിന്റെ പ്രതികരണം മനസ്സിലാക്കുവാൻ മനുഷ്യരുടെ കഴിവുകൾക്കപ്പുറം എന്ന് തിരിച്ചറിഞ്ഞു **(**ഇയ്യോബ് 40; 41**)**. **"**ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമെ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ എന്റെ കണ്ണാൽ ഞാൻ കാണുന്നു; ആകയാൽ ഞാൻ എന്നെ തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്ന് അനുഭവിക്കുന്നു**"** **(**ഇയ്യോബ് 42:5, 6**)**. ഹബകൂക്ക് ചോദിച്ചു, എങ്കിലും അവന് ഒരിക്കലും ഉത്തരം ലഭിച്ചില്ല. അവസാനം, അവന് മുഴുവൻ മനസ്സിലായില്ലെങ്കിലും അവൻ കർത്താവിൽ ആശ്രയിക്കാൻ തീരുമാനിച്ചു:

> അത്തിവൃക്ഷം തളിർക്കയില്ല, മുന്തിരി വള്ളിയിൽ അനുഭവം ഉണ്ടാകയില്ല, ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായി പോകും, നിലങ്ങൾ ആഹാരം വിളയിക്കയില്ല, ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്ന്

> നശിച്ചു പോകും, മൃഗശാലയിൽ കന്നുകാലികൾ ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും, എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ച് ഉല്ലസിക്കും. യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു, അവന്റെ കാൽ പേടമാൻ കാൽ പോലെ ആകുന്നു, ഉന്നതികളിൻമേൽ നടക്കുമാറാകുന്നു (ഹബകൂക്ക് 3:17-19).

ഈ ആളുകൾക്കും യോഹന്നാൻ 9-ലെ ശിഷ്യന്മാർക്കും "എന്തുകൊണ്ട്?" എന്ന ചോദ്യത്തിന് മുഴുവനും ഉത്തരം ലഭിച്ചില്ല!

**ഉത്തരം (9:3)**

ആ യാചകൻ ജന്മനാ കുരുടനായി ജനിക്കുവാൻ കാരണം ചോദിച്ചപ്പോൾ, യേശു പറഞ്ഞു "അവനെങ്കിലും അവന്റെ അമ്മയപ്പന്മാർ എങ്കിലും പാപം ചെയ്തിട്ടല്ല, ദൈവ പ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ" (9:3). മനുഷ്യരുടെ *കഷ്ടപ്പാടിന്റെ* കാരണം യേശുവിനോടു ചോദിച്ചു. ആ പ്രത്യേക ചോദ്യത്തിന് ഉത്തരം പറയുവാൻ അവൻ തയ്യാറായില്ല. ഒരു പക്ഷെ ആ വിഷയത്തെക്കുറിച്ച് ദൈവം പറയുന്നത് മനസ്സിലാക്കുവാൻ നമുക്ക് കഴിവില്ലായിരിക്കാം. കാരണം എന്തായാലും, മനുഷ്യരുടെ കഷ്ടതയുടെ കാരണം പറയുന്നതിനു പകരം യേശു ശിഷ്യന്മാരോട് ആ മനുഷ്യൻ, കുരുടനായി ജനിച്ചതിന്റെ ഉദ്ദേശം വ്യക്തമാക്കുന്നു: "ദൈവ പ്രവൃത്തി അവങ്കലിൽ വെളിവാകേണ്ടതിന്."

നാം ജീവിതത്തിൽ മുൻഗണന കൊടുക്കുന്നതും ഈ കാര്യത്തിൽ യേശുവിന്റെ വാക്കുകളും തമ്മിൽ ഏറ്റുമുട്ടുന്നതാണ്. അമേരിക്കൻ ഭരണഘടന ജനങ്ങളോടു പറയുന്നത്, "ജീവനും, സ്വാതന്ത്ര്യത്തിനും, സന്തോഷത്തിനും വേണ്ടി പിൻപറ്റുവാൻ" അവകാശം നല്കുന്നുണ്ട്. പലപ്പോഴും ജീവിതത്തിന്റെ അർത്ഥം വ്യക്തികളുടെ സന്തോഷ ലഭ്യതയാണെന്ന് തെറ്റിദ്ധരിക്കപ്പെടാറുണ്ട്. നാം അത്തരം കാഴ്ചപ്പാട് എടുക്കുമ്പോൾ, എല്ലാ ക്ലേശങ്ങളും നമ്മുടെ സന്തോഷത്തിന് തടസ്സമാകുന്നു, അത് ഭയാനകവുമാണ്. എങ്ങനെയായാലും, ജീവിതത്തിന്റെ ഉദ്ദേശം "ദൈവ പ്രവൃത്തി വെളിവാകേണ്ടതിന്," ആണെന്ന് മനസ്സിലായാൽ നാം കഷ്ടതയും, അനുഗ്രഹങ്ങളും ഒരേ രീതിയിൽ കാണും: ദൈവ മഹത്വരീതിയായി. അതായിരുന്നു തന്റെ ശിഷ്യരോടുള്ള യേശുവിന്റെ സന്ദേശം. ആ കുരുടൻ എന്തുകൊണ്ട് അങ്ങനെ ജനിച്ചു എന്ന് അവരോടു പറഞ്ഞില്ലെങ്കിലും ആ കുരുടന്റെ ജീവിതത്തിന്റെ ഉദ്ദേശം അവരോട് വ്യക്തമാക്കി: ദൈവത്തെ മഹത്വപ്പെടുത്തുവാൻ!

"ദൈവ പ്രവൃത്തി വെളിവാകേണ്ടതിന്" കഷ്ടപ്പെടുന്ന ആളുകളെക്കുറിച്ച് നാം വിചാരിക്കുമ്പോൾ, പല ആളുകളും എന്റെ മനസ്സിലേക്ക് വരുന്നു. ഒന്ന് മാനസികമായി ചെറിയ വൈകല്യമുള്ള ഒരു യുവാവ് ആണ്. ആ യുവാവിന്റെ അപ്പനും അമ്മയും ആയിരക്കണക്കിന് പ്രാവശ്യം സ്വയമായും ദൈവത്തോടും, ആ മകൻ ഇങ്ങനെ ജനിക്കുവാൻ എന്താണ് കാരണം എന്ന് ചോദിച്ചിരിക്കും. ഒരു രാത്രി പ്രസംഗശേഷം സ്നാനമേല്ക്കുവാൻ ക്ഷണം സ്വീകരിച്ചു പ്രതികരിച്ച, അവരുടെ മകനെ ഞാൻ എല്ലായ്പ്പോഴും ഓർക്കും. അവൻ അന്ന് പര

സ്യമായി യേശുവിലുള്ള വിശ്വാസം ലളിതവും മനോഹരവും ആയി ഏറ്റു പറഞ്ഞു, "ദൈവേഷ്ടം പോലെ ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു." ആ നിമിഷത്തിൽ ആ യുവാവിന്റെ ജീവിതത്തിൽ ദൈവ പ്രവൃത്തി വെളിപ്പെടുത്തി.

ഒരു ഉപദേഷ്ടാവിന് പെട്ടെന്ന് ഭയങ്കരമായ ഒരു രോഗം ഉണ്ടായതായി ഞാൻ കേട്ടു. അദ്ദേഹം തന്റെ രോഗം ഭേദമാക്കിയേക്കും എന്നാണ് തന്റെ പ്രാർത്ഥന എന്നു സഭയോടു പറഞ്ഞു; എന്നാൽ അവന് സൗഖ്യമായില്ലെങ്കിൽ, അവന്റെ പ്രാർത്ഥന അവൻ എങ്ങനെ മരിക്കും എന്ന് ദൈവം സഭയ്ക്ക് കാണിച്ചു കൊടുക്കും. കുറച്ച് മാസങ്ങൾക്കു ശേഷം അവൻ മരിച്ചു പോയി; അവന്റെ മരണത്തിൽ ദൈവ പ്രവൃത്തി വെളിപ്പെടുത്തി!

ദൈവ പ്രവൃത്തി വെളിപ്പെടുത്തിയ മറ്റൊരു ഉദാഹരണം കാൻസർ ബാധിച്ച് വർഷങ്ങളോളം കഷ്ടതയേറ്റ ഒരു ക്രിസ്തീയ സ്ത്രീ ആയിരുന്നു. അവസാനം അവൾ കർത്താവിലേക്ക് എടുക്കപ്പെട്ടു. പലപ്പോഴും "എന്തുകൊണ്ട്?" എന്നു ആളുകൾ ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവരുടെ രോഗിയായിരുന്ന വർഷങ്ങൾ നോക്കിയാൽ, അവളുടെ രോഗം മുഖേന അവൾ ദൈവത്തിന്റെ പ്രവൃത്തി വെളിപ്പെടുത്തിയത് ആരോഗ്യമുള്ള ആളുകളിൽ ചിലർ ചെയ്യാത്തതാണ്.

ഉദ്ദേശത്തോടു കൂടി ജീവിച്ച അവസാന ഉദാഹരണം, തീർച്ചയായും, ക്രൂശിൽ ആയിരുന്ന യേശു ആണ്. അത് അനീതി ആയിരുന്നു ക്രൂരവും ആയിരുന്നു. പല രീതിയിലും അത്, ദു:ഖകരമായ ഒന്നായിരുന്നു; എങ്കിലും യേശു ക്രൂശിൽ തൂങ്ങിയത്, തന്റെ ജീവിതത്തിലും മരണത്തിലും "ദൈവ പ്രവൃത്തി അവങ്കൽ വെളിപ്പെടേണ്ടതിനായിരുന്നു." യേശു ക്രൂശിൽ കഷ്ടതയേറ്റത് എന്തിനാണെന്ന് വ്യക്തമായി വിശദമാക്കുന്ന ഒരു മനുഷ്യനെയും ഞാൻ കണ്ടിട്ടില്ല. ആ സ്വർഗ്ഗത്തിൽ എത്തുന്നതു വരെ അതു പൂർണ്ണമായി മനസ്സിലാകുക ഇല്ല എന്ന് ഞാൻ വിശ്വസിക്കുന്നു. എങ്ങനെ ആയാലും യേശു ക്രൂശിലേക്ക് പോയതു കൊണ്ട് ദൈവ പ്രവൃത്തി വെളിപ്പെടുത്തിയതാണെന്ന വസ്തുത, ഒരു കുട്ടിയ്ക്കു പോലും അനുമോദിക്കാൻ കഴിയും. അവൻ ജീവിച്ചതും മരിച്ചതും ദൈവത്തിന്റെ ഉദ്ദേശത്തിനു വേണ്ടിയായിരുന്നു.

നാം ദൈവത്തെ മഹത്വപ്പെടുത്താതെ ജീവിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത് എന്ന് വിശ്വസിക്കാവുന്ന ചില കാര്യങ്ങൾ ദൈവം പുറം തിരിഞ്ഞ് കഴിയുമ്പോൾ വിശ്വസിക്കാനാകും. ചിലർ പറഞ്ഞേക്കാം, "എന്നാൽ ഞാൻ വിവാഹമോചനം ചെയ്യപ്പെട്ടു"; "എന്റെ വിവാഹജീവിതത്തിൽ കഷ്ടപ്പെടുന്നു"; "കുട്ടികളുമായിട്ടാണ് എനിക്ക് പ്രശ്നം"; "ഞാൻ രോഗിയാണ്"; അല്ലെങ്കിൽ "എനിക്കു വയസ്സായി/ ചെറുപ്പമാണ്." യേശു നമ്മുടെ ലോകത്തിലേക്കു വന്നു പറയും, വാസ്തവത്തിൽ, "ഇന്നു നിങ്ങൾ നേരിടുന്ന വിഷമങ്ങൾ എന്തുകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല, എന്നാൽ ഇതു ഞാൻ പറയുന്നു: നിങ്ങളുടെ പ്രശ്നങ്ങൾ എന്തായാലും ജീവിതത്തിൽ ദൈവ പ്രവൃത്തി വെളിപ്പെടുത്തുകയാണ് - ഒരു പക്ഷെ നിങ്ങളുടെ പ്രശ്നങ്ങൾ നിമിത്തം പോലും!"

ഇതിന് പൗലൊസ് ഒരു ഉദാഹരണമാണ്, അവന് അനുഭവപ്പെടേണ്ടി വന്ന "ജഡത്തിലുള്ള ശൂലം" (2 കൊരിന്ത്യർ 12:7). അതു നീങ്ങി പോകേണ്ടതിന് മൂന്നു പ്രാവശ്യം അവൻ അപേക്ഷിച്ചു. തീർച്ചയായും അതു നീങ്ങി പോയാൽ തനിക്ക് ദൈവത്തിനു വേണ്ടി കൈവരിക്കാവുന്ന നേട്ടവും അധികമായിരുന്നു. എങ്കിലും പൊലൊസിന്റെ ജഡത്തിലെ ശൂലം നീക്കുവാൻ കർത്താവ് തയ്യാറായില്ല. പകരം, ഈ സന്ദേശമാണ് ദൈവം നല്കിയത്: "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു" (2 കൊരിന്ത്യർ 12:9). പൊലൊസ് അവസാനം ബലഹീനതയിലൂടെ ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തുന്ന ശ്രേഷ്ഠമായ ദൈവത്തിന്റെ പ്രവൃത്തി അംഗീകരിച്ചു പൊലൊസിന്റെ ഈ മാതൃക നമുക്ക് കഷ്ടതയെ നേരിടുവാൻ സഹായിക്കുന്നതാണ്. ആദ്യം നമ്മുടെ വേദന നീക്കുവാൻ നമുക്ക് ദൈവത്തോട് അപേക്ഷിക്കാം. അതു നമ്മുടെ സ്വഭാവികമായ, വേദനയിൽ നിന്നുള്ള വിടുതലിനു വേണ്ടിയുള്ള അപേക്ഷിക്കലാണ്. രണ്ടാമത്, ക്രിസ്ത്യാനി ചെയ്യേണ്ടത്, എങ്ങനെ ആയാലും, "എന്തുമാകട്ടെ, എന്റെ ജീവിതത്തിൽ നിനക്കു മഹത്വമുണ്ടാകട്ടെ" എന്നു പറയണം. നമ്മുടെ സാഹചര്യം എന്തായാലും, നമുക്കെല്ലാം ദൈവ പ്രവൃത്തി വെളിപ്പെടുത്താൻ കഴിയും!

സാൻഫ്രാൻസിസ്കോ ജയന്റ്സ് ബെയ്സ് ബോൾ ടീമിലെ പ്രഗത്ഭനായിരുന്ന ഡേവ് ട്രാവക്കി കാൻസർ പിടിപ്പെട്ട് അതിനോട് മല്ലിടുകയും പിന്നീട് അപകടത്തിൽപ്പെട്ട് മുറിവേല്ക്കുകയും ചെയ്തു. അദ്ദേഹം പിന്നീട് എഴുതി,

> ദു:ഖം നമ്മെ ഒരു - വഴിയുള്ള വാതിലിലൂടെ തള്ളിവിടുകയും നാം കടന്നു പോകുകയും ചെയ്തു, ആ ദു:ഖത്തിന് മുൻപുള്ള നമ്മുടെ ജീവിതത്തിലേക്ക് ഒരിക്കലും മടങ്ങി വരാൻ കഴിയില്ല. ... നമുക്ക് എത്ര തന്നെ ശ്രമിച്ചാലും മടങ്ങിപോകാൻ കഴിയുകയില്ല. നമുക്ക് ചെയ്യാവുന്നത്, മുൻപ് ലഭിച്ച നന്മക്ക് നന്ദി പറയുക മാത്രമാണ്. മുൻപ് നാം സന്തോഷിച്ചിട്ടുണ്ട്, ചിരിച്ചിട്ടുണ്ട്, സ്നേഹിച്ചിട്ടുണ്ട്, ഓർമകൾ പങ്കുവെച്ചിട്ടുണ്ട്. പിന്നെ, പ്രിയപ്പെട്ടവരോട് ഗുഡ് - ബൈ പറയുന്നതിലൂടെ ഭൂമിക്ക് അടിസ്ഥാനമിടുകയും, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ഉണ്ടാക്കിയവന് നമ്മുടെ ജീവിതത്തിൽ ഉദ്ദേശവും ഉണ്ടെന്ന് മനസ്സിലാക്കി അവനിൽ ആശ്രയിക്കാം.[2]

**ഉപസംഹാരം**

ചോദ്യം ലോകത്തിൽ അവശേഷിക്കുന്നു: "ജീവിതത്തിന് അർത്ഥമുണ്ടോ, അല്ലെങ്കിൽ അതു യാദൃശ്ചികമായി ഉണ്ടായതാണോ?" ലോകത്തിന് ആ ചോദ്യത്തിന് ഉത്തരം ലഭിച്ചേക്കുക ഇല്ല, എന്നാൽ യേശുവിനെ അനുഗമിക്കുന്നവർക്ക് ലഭിക്കും. നമുക്ക് ഈ ലോകത്തിൽ എന്തു സംഭവിച്ചാലും അത് ദൈവ മഹത്വത്തിനായി ഉൾക്കൊള്ളാൻ കഴിയും. നമുക്ക് അങ്ങനെ ജീവിക്കാം. നമ്മുടെ സാഹചര്യം എന്തായാലും, നമ്മിൽ "ദൈവ പ്രവൃത്തി വെളിവാകേണ്ടതിന്" ആകട്ടെ!

കുറിപ്പുകൾ

[1]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് റ്റു ജോൺ,* ദ ന്യൂ ഇന്റർനാഷണൽ കമ്മെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യൂ എം. ബി. എർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1971), 478. [2]ഡേവ് ഡ്രാവെക്കി, *വെൻ യൂ കാൺട് കം ബാക്ക്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോൺടെർവാൻ, 1992), 159

---

**യേശു അയക്കപ്പെട്ടവനായി**

തന്റെ കേൾവിക്കാരിൽ തന്റെ ഉദ്ദേശവും വ്യക്തിത്വവും സ്ഥാപിക്കുവാൻ യേശു പരിശ്രമിച്ചപ്പോൾ, അവനെ ദൈവം ആണ് അയച്ചതു എന്നു ഊന്നി പറഞ്ഞു.

1. തന്നെ പിതാവാണ് അയച്ചതു എന്നു യേശു തുറന്നു പറഞ്ഞു (6:57; 7:29; 10:36).
2. അവൻ പറഞ്ഞു, “എന്നെ അയച്ചവൻ എന്നോടു കൂടെ ഉണ്ട്; ...” (8:29).
3. അവനെ അയച്ച പിതാവിന്റെ വാക്കുകളായിരുന്നു അവൻ സംസാരിച്ചത് (3:34; 7:16; 12:49; 14:24).
4. അവനെ അയച്ചവന്റെ ഹിതം, അല്ലെങ്കിൽ പ്രവൃത്തികളായിരുന്നു അവൾ ചെയ്തതു (4:34; 5:30, 36; 6:38, 39; 9:4).
5. അയച്ചവനെ വിശ്വസിക്കുവാൻ ലോകത്തോടു ആവശ്യപ്പെട്ടു (6:29; 11:42; 17:8, 21, 23, 25).
6. യേശു പറഞ്ഞു, “എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല;...” (6:44).
7. തന്നെ അയച്ച പിതാവു താനും തന്നെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കുന്നു എന്നു അവൻ പറഞ്ഞു (5:37; 8:18).
8. അവൻ പറഞ്ഞു, “എന്നെ കാണുന്നവൻ, എന്നെ അയച്ച പിതാവിനെ കാണുന്നു” (12:45).
9. യേശുവിനെ സ്വീകരിക്കയോ അല്ലെങ്കിൽ തള്ളിക്കളയുകയോ ചെയ്യുന്നവൻ അവനെ അയച്ചവനെ സ്വീകരിക്കയോ തള്ളിക്കളയുകയോ ചെയ്യുന്നു (5:23, 38; 12:44; 13:20).
10. അവൻ തന്നെ അയച്ചവന്റെ അടുക്കലേക്കു പോകുന്നു എന്നാണ് യേശു പറഞ്ഞത് (7:33; 16:5).
11. തന്നെ അയച്ചവനിൽ നിന്നാണ് നിത്യജീവൻ വരുന്നതെന്നു അവൻ വാഗ്ദാനം ചെയ്തു (5:24; 17:3).
12. തന്നെ പിതാവു അയച്ചതുപോലെയാണ് താൻ ശിഷ്യന്മാരെയും അയക്കുന്നതെന്നു അവൻ പറഞ്ഞു (17:18; 20:21).
13. അവനെ അയച്ചവനെ അവർ അറിയായ്കകൊണ്ടു തന്റെ അനുയായികളെ അവർ തള്ളിക്കളയും എന്നു അവൻ മുന്നറിയിച്ചിരിക്കുന്നു (15:21).
14. താനും തന്നെ അയച്ചവനും ഒന്നാകുന്നു എന്നു അവൻ പറഞ്ഞിരുന്നു (7:18, 28; 8:16, 26).


© 2009 Truth for Today